പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1920 **26-10-2026-ൽ മറുപടിയ്ക്ക്**

ലോട്ടറി വിൽപ്പനക്കാരുടെ കമ്മീഷൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. ജ്യോതികുമാർ ചാമക്കാല	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) ലോട്ടറി വില്പനക്കാർക്ക് കമ്മീഷൻ കൂട്ടിനൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മറുപടി: ഭാഗ്യക്കുറിയിന്മേലുള്ള ചരക്ക് സേവന നികുതി നിരക്ക് കേന്ദ്ര സർക്കാർ 28%-ൽ നിന്ന് 40% ആയി വർദ്ധിപ്പിച്ച സമയത്ത് ടിക്കറ്റ് വില ₹50/- ആയി നിലനിർത്തുകയും ഏജന്റ് കമ്മീഷനിൽ നേരിയ കുറവ് (0.5%) വരുത്തുകയും ചെയ്തിരുന്നു. ചരക്ക് സേവന നികുതി നിരക്ക് 40% ആയി തുടരുന്നതിനാൽ നിലവിലെ സാഹചര്യത്തിൽ ഏജന്റ് കമ്മീഷൻ വർദ്ധിപ്പിച്ച് നല്കാനാവില്ല. എന്നാൽ, ഭാഗ്യക്കുറി ടിക്കറ്റുകളുടെ സീരീസ് വർദ്ധിപ്പിച്ച് സമ്മാന ഘടനയും വില്പന വിലയും ഉൾപ്പെടെ പരിഷ്കരിക്കുന്ന സമയത്ത് മാത്രമേ ഇക്കാര്യവും പരിഗണിക്കാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ